



*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad and Published at Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com Visit us : www.thearyasmaj.org/vellinezhi*
*Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം



*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!


പുസ്തകം : 1 ലക്കം 6

വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 മാർഗ്ഗശീർഷ – പൗഷ
1189 വൃശ്ചികം – ധനു 2013 ഡിസംബർ

വാർഷിക വരിസംഖ്യ: ₹60/- ദീർഘകാലം: ₹1000/-



*ഭായി പരമാനന്ദ്*



**സ്വാമി ശ്രദ്ധാനന്ദൻ**



*അഷഫാഖുള്ളാ ഖാൻ*



*രാജേന്ദ്ര ലാഹിരി*



*രാം പ്രസാദ് ബിസ്മിൽ*

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

ഭായി പരമാനന്ദ് നിർവ്വാണ ദിനം : ഡിസംബർ 8
രാജേന്ദ്ര ലാഹിരി രക്തസാക്ഷി ദിനം : ഡിസംബർ 17 രാം പ്രസാദ് ബിസ്മിൽ, അഷഫാഖുള്ളാഖാൻ, രോഷൻസിങ് രക്തസാക്ഷി ദിനം : ഡിസംബർ 19
. സ്വാമി ശ്രദ്ധാനന്ദ് ബലിദാന ദിനം : ഡിസംബർ 23

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

# വേദാദ്ധ്യയനം



മണ്ഡലം 1 സൂക്തം 3

*ഋഷിഃ മധുഛന്ദാഃ, അശ്വിനൗ ദേവതാ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

***അശ്വിനാ യജ്വരീരിഷോ ദ്രവത്പാണീ ശുഭസ്പതീ | പുരുഭുജാ ചനസ്യതമ് ||***

***(ഋഗ്വേദം 1.3.1)***

***പദാർത്ഥം:*** അല്ലയോ വിദ്യയേ ആഗ്രഹിക്കുന്ന മനുഷ്യരേ ! നിങ്ങൾ (ദ്രവത്പാണീ) ശീഘ്രവേഗത്തിന്റെ നിമിത്തമായ പദാർത്ഥവിദ്യയുടെ സിദ്ധിക്കായി (ശുഭസ്പതീ) ശുഭഗുണങ്ങളുടെ പ്രകാശപാലനത്തിനായി (പുരുഭുജാ) നിരവധി ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നതിന് ഉത്തമഹേതുവായ (അശ്വിനാ) ജലവും അഗ്നിയും (യജ്വരീഃ) ശിൽപ്പവിദ്യയുടെ കാര്യത്തിനായി (ഇഷഃ) നമുക്കിഷ്ടപ്പെട്ട അന്നാദിപദാർത്ഥങ്ങളെ നൽകാനാവുന്ന ക്രിയകളെ (ചനസ്യതമ്) അന്നത്തിനു തുല്യമായി അതീവ പ്രീതിയോടെ സേവിച്ചാലും.

***ഭാവാർത്ഥം:*** വിദ്യയേ ആഗ്രഹിക്കുന്നവരെ ! അശ്വിനൗവിന്റെ (അഗ്നിയുടെയും ജലത്തിന്റെയും) യഥാർത്ഥ ഉപയോഗം മനസ്സിലാക്കി ഭക്ഷണമെന്നപോലെ, കലകളുടെയും ഉപകരണങ്ങളുടെയും ശാസ്ത്രത്തിന്റെ സഹായത്താൽ ഉന്നത കഴിവുകൾ നേടി ആകാശത്തെ തൊടാൻ മനുഷ്യരെ പ്രാപ്തരാക്കുന്ന വിമാനങ്ങളും മറ്റു വാഹനങ്ങളും നിർമ്മിച്ച് യാത്രയേ ശീഘ്രതരമാക്കിയാലും. അങ്ങിനെ ശിൽപ്പവിദ്യ അഭ്യസിച്ച് എല്ലാവർക്കും ഉപകാരപ്രദമാവുന്ന തരത്തിൽ പ്രവർത്തിക്കുക.

***(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്***

***തർജ്ജമ : കെ.എം. രാജൻ)***






***1921 ലെ മലബാർ കലാപസമയത്ത് ആര്യസമാജം നടത്തിയ ദുരിതാശ്വാസ കേന്ദ്രത്തിൽ നിന്നുള്ള ചിത്രങ്ങൾ***





"പരാന്നം ദുർല്ലഭം ലോകേ ശരീരാണി പുനഃപുനഃ |"

വിവേചനാമൂലകമായ ദാനം സദാ നടക്കുന്നുണ്ട്. ഇക്കാലത്തേ ആളുകൾ "പീത്വാ പീത്വാ ബ്രഹ്മാപി മൃതഃ" ( ഇവിടെ പാഠഭേദം വന്നതായി തോന്നുന്നു. ദത്വാ ദത്വാ എന്നായിരിക്കണം വരേണ്ടത്. എന്തെന്നാൽ ദാനത്തേകുറിച്ചാണ് (പീത്വാ = കുടിക്കുക എന്നർത്ഥമല്ല) പറയുന്നത്. എന്നിങ്ങനെ ദാനമെന്നതിന് മിഥ്യാർത്ഥങ്ങളാണ് പ്രചരിപ്പിക്കുന്നത്. വിദ്യയുടെ അഭിവൃദ്ധിക്കായി ധനം ചെലവാക്കുക. കലാകൗശല വസ്തുക്കളുടെ ഉന്നമനത്തിനായി ധനം മാറ്റി വെക്കുക എന്നിവയാണ് ദാനത്തിന് യോജിച്ചത്.

ആശ്രമങ്ങൾ നാലാണ്. ബ്രഹ്മചര്യാശ്രമത്തിന്റെ വർണ്ണന നേരത്തെ ചെയ്തിട്ടുണ്ട്.

ഗൃഹസ്ഥാശ്രമത്തിൽ പരസ്പര സ്നേഹം വർദ്ധിപ്പിച്ച് സമാജത്തിൽ മംഗളം വരുത്തുക എന്നതാണ് മുഖ്യധർമ്മം. ഇത്തരത്തിൽ സാമാജിക മംഗളമുണ്ടാക്കുന്നതിനായി വ്ഗ്രഹാരാധന പോലുള്ള ദുരാചാരങ്ങളെ ഒഴിവാക്കണം.

സന്തുഷ്ഠോ ഭാര്യയാ ഭർത്താ ഭാര്യാ ഭർത്താ തഥൈവ ച|

യസ്മിന്നേവ കുലേ നിത്യം കല്ല്യാണം തത്ര വൈ ധ്രുവമ്||

(മനുസ്മൃതി 3.60)

മേൽ ഉദ്ധരിച്ച ശ്ലോകപ്രകാരം ആനന്ദത്തേ വർദ്ധിപ്പിക്കണം. അതവരുടെ മുഖ്യ ധർമ്മമാണ്.

**വാനപ്രസ്ഥം** : ഈ ആശ്രമത്തിൽ വിദ്യസമ്പാദനത്തിനും ലളിത ജീവിതത്തിനും ഊന്നൽ നൽകണം.

**സന്യാസി** : ലോകം മുഴുവൻ യാത്ര ചെയ്ത് ജനങ്ങൾക്ക് സദുപദേശം നൽകേണ്ടവരാണ് സന്യാസിമാർ. അവരുടെ മുഖ്യ കർത്തവ്യമാണത്. യഥാർത്ഥ ഉപദേശവിഷയത്തേക്കുറിച്ച് മനു പറയുന്നത് നോക്കുക.

ദൃഷ്ടിപൂതം ന്യസേത് പാദം വസ്ത്രപൂതം ജലം പിബേത്|

സത്യപൂതാം വദേദ് വാചം മനഃപൂതം സമാചരേത്|| (മനുസ്മൃതി 6.46)

പഞ്ചശിഖനും ശങ്കരാചാര്യരും സദാ സത്യവും സദുപദേശവും നൽകിയിരുന്നതായി അവരുടെ ചരിത്രം പരിശോധിച്ചാലറിയാം. സന്യാസിമാർ അത്തരത്തിൽ സദുപദേശം നടത്തണം.

അതിനുശേഷം സ്വാമിജി താഴെ പറയുന്ന മന്ത്രം ചൊല്ലി തന്റെ പ്രഭാഷണം അവസാനിപ്പിച്ചു.

സഹ നാവവതു സഹ നൗ ഭുനക്തു സഹ വീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു മാ വിദ്വിഷാ വഹൈഹെ (തൈത്തിരീയ ആരണ്യകം 8.1)
ഓം ശാന്തിഃ ഓം ശാന്തിഃ ഓം ശാന്തിഃ

***(തുടരും)***

***മിത്രസ്യാഹം ചക്ഷുക്ഷോ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)***
***ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*

## മൂന്നാം പ്രഭാഷണം (ധർമ്മാധർമ്മം)




**ഈ** വ്യവസ്ഥകളേകുറിച്ച് വേറൊരു ശ്ലോകത്തിൽ പറയുന്നു.

*ചതസ്രോവസ്ഥാഃ ശരീരസ്യ ബുദ്ധിർയൗവനം സമ്പൂർണ്ണതാ കിഞ്ചിത് പരിഹാണിശ്ചേതി |*

*ആഷോഡശാദ് വൃദ്ധിഃ ആപഞ്ചവിംശതേര് യൗവനം, ആചത്വാരിം ശതഃ സമ്പൂർണ്ണതാ, തതഃ കിഞ്ചിത് പരിഹാണിശ്ചേതി ||*

*(സുശ്രുത / സൂത്രസ്ഥാന)*

പുരുഷന്മാർക്ക് യോഗ്യമായ അവസ്ഥ വരാൻ ഏറ്റവും കുറഞ്ഞത് 40 വർഷത്തേ പ്രായം വേണം. ഏറ്റവും ചുരുങ്ങിയ പക്ഷം 25 വർഷവും വേണം. പെൺകുട്ടികൾക്ക് 16 വർഷവും ഇങ്ങിനെയാണ് സുശ്രുതൻ പറയുന്നുത്.

*പഞ്ചവിംശേ തതോ വർഷേ പൂമാന്നാരീ തു ഷോഡശേ|*
*സമത്വാഗതവീര്യൗ തൗ ജാനീയാത് കുശലോ ഭിഷക് ||*

(സുശ്രുത സൂത്രസ്ഥാനം 35 - 13)

ഛാന്ദോഗ്യ ഉപനിഷത്തിൽ (3.16/1- 6) പ്രാതഃസവനം 24 വർഷം വരെ വർണ്ണിച്ചിരിക്കുന്നു. ഇത് പുരുഷന്മാരുടെ കുമാരാവസ്ഥയാണ്. 40 വർഷം വരെ മാധ്യസവനമാണ്. ഇതാണ് യൗവ്വനാവസ്ഥ. 48 വർഷം വരെ സായംസവനമാണ്. ശരീരത്തിന് പൂർണ്ണ പക്വത നേടാനും വിവാഹാദികൾക്കും ഉത്തമമായ അവസ്ഥയാണ് അതിന്ശേഷം. വിവാഹത്തിന് മുമ്പ് വേദാധ്യയനം ചെയ്യേണ്ടത് അത്യാവശ്യമാണ്. സ്വാർത്ഥത മൂലം ഇക്കാലത്തെ ബ്രാഹ്മണർ വേദാധ്യയന വ്യവസ്ഥയേ നശിപ്പിച്ചിരിക്കുകയാണ്.

അഥർവ്വവേദത്തിലെ 'അല്ലോപനിഷത് കഥ' പ്രസിദ്ധമാണ്. വിവിധ പണ്ഡിതൻമാർ തങ്ങളുടെ വാദഗതി സ്ഥാപിക്കുന്നതിനായി നവീനങ്ങളായ പലശ്ലോകങ്ങളും രചിച്ച് ഋഷിമാർ എഴുതിയ ഗ്രന്ഥങ്ങളിൽ കൂട്ടിചേർത്ത് ജനങ്ങളിൽ പരിഭ്രാന്തി പരത്തുന്നത് ദുഃഖകാരണമാണ്. (അല്ലോപനിഷത്തിന്റെ കഥയും അതാണ്). അതിനാൽ വേദപാഠശാലകൾ എല്ലായിടത്തും ആരംഭിക്കുകയും വേദപഠനത്തേ പ്രോൽസാഹിപ്പിക്കുകയും വേണം.

**ദാനം** : ദാനത്തിന് ഇന്നു പ്രചാരത്തിലുള്ള അർത്ഥമല്ലാ ഇവിടെ ഉദ്ദേശിക്കുന്നത്. ഉദരംഭരികളുടെ (കപടൻമാരുടെ) ബ്രാഹ്മണ ഗ്രന്ഥങ്ങളിൽ പറയുന്നു.

***നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)***
***വേദങ്ങളെ നിന്ദിക്കുന്നവർ - വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.***






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 1** **ലക്കം 6**

**വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 മാർഗ്ഗശീർഷ - പൗഷ**
**1189 വൃശ്ചികം- ധനു 2013 ഡിസംബർ**



**പത്രാധിപ സമിതി**

മുഖ്യപത്രാധിപർ: കെ. വേലായുധ ആര്യ

പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ

ആചാര്യ എസ്. ശ്രീധര ശർമ്മ

വി. ഗോവിന്ദ ദാസ്

**വ്യവ്സ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 1 |
| ധർമ്മപാഠങ്ങൾ | : | 3 |
| ഋഗ്വേദപരിചയം | : | 5 |
| സംശയനിവാരിണി | : | 6 |
| ജീവിതം ഒരലയാഴി | : | 8 |
| ആര്യോദയം അരുണോദയം | : | 10 |
| ഉപദേശ മഞ്ജരി | : | 12 |



**വിലാസം : ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് 679 504.**
**Ph: 09562529095,**
**Email:dayanandasandesam@gmail.com**


## മുഖവാണി

**ഡിസംബർ 23**

**സ്വാമി ശ്രദ്ധാനന്ദൻ അനുസ്മരണം**



**1926** ഡിസംബർ 23 ഭാരതചരിത്രത്തിലെ ഒരവിസ്മരണീയ ദിനമാണ്. സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയും പ്രമുഖ വിദ്യാഭ്യാസ വിചക്ഷണൻ, ദലിതോദ്ധാരകൻ, ശുദ്ധി പ്രസ്ഥാനത്തിന്റെ അമരക്കാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്വാമി ശ്രദ്ധാനന്ദൻ ഒരു മത ഭ്രാന്തന്റെ വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചത് അന്നാണ്.

1857 ന് തൊട്ടുമുമ്പുള്ള പ്രക്ഷുബ്ധമായ രാഷ്ട്രീയാന്തരീക്ഷത്തിൽ പഞ്ചാബിലെ ജലന്ധരിനടുത്തുള്ള 'തൽവൻ' എന്ന ഗ്രാമത്തിൽ ജനിച്ച 'മുൻഷീറാം' എന്ന ബാലൻ നവോത്ഥാന നായകനായിരുന്ന മഹർഷി ദയാന്ദ സരസ്വതിയുടെ വൈദിക-പുരോഗമനാശയങ്ങളിൽ ആകൃഷ്ട

***സ ഹി സർവ്വവിത് സർവ്വകർത്താ ഈശ്വരശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)***
***ആ പരമാത്മാവ് സർവ്വാന്തര്യമിയും സകലജഗത്തിന്റെയും കർത്താവുമാണ്.***
***ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.***

നായി. മഹർഷിയുമായുള്ള സമാഗമവും തുടർന്നുള്ള പ്രവർത്തനങ്ങളും മഹാത്മാ മുൻഷീറാമിനെ സ്വാമി ശ്രദ്ധാനന്ദനാക്കി മാറ്റി.

കേരളവുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്ന സ്വാമി ശ്രദ്ധാനന്ദൻ 1921 ലെ മലബാർ കലാപസമയത്ത് നടത്തിയ ദുരിതാശ്വസപ്രവർത്തനങ്ങളും നിർബന്ധപൂർവ്വം മതം മാറ്റപ്പെട്ട ആയിരങ്ങളെ വൈദികധർമ്മത്തിലേക്ക് തിരികെ കൊണ്ടുവന്നതും നമ്മുടെ ചരിത്രപുസ്തകങ്ങൾ ഏറെകുറെ തമസ്കരിച്ചിരിക്കുന്നു. കേരളത്തിലെ സാമൂഹ്യ സമരങ്ങളായിരുന്ന വൈക്കം സത്യാഗ്രഹം, കൽപ്പാത്തി രഥോത്സവത്തോടെനുബന്ധിച്ചുള്ള ചടങ്ങുകളിൽ നിന്ന് പിന്നോക്കജാതിക്കാരാണെന്നു പറഞ്ഞ് ഒരു വിഭാഗത്തേ മാറ്റി നിർത്തുന്നതിനെതിരെ സ്വാമിജിയുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭവും തുടർന്ന് മദ്രാസ് കോടതിയിൽ നിന്ന് അനുകൂലമായ വിധിന്യായം നേടിയെടുത്തതും സർക്കാർ രേഖകളിലുണ്ട്. ഇതെല്ലാം അടുത്തറിഞ്ഞ ശ്രീനാരായണ ഗുരുദേവൻ തന്നെ വന്നുകണ്ട ആര്യസമാജമിഷണറിയായിരുന്ന പണ്ഡിറ്റ് ഋഷിറാമിനോട് പറഞ്ഞു. "നിങ്ങൾ ആര്യ സമാജം മാത്രമല്ലാ ധൈര്യസമാജം കൂടിയാണെന്ന്."

സ്വാമി ശ്രദ്ധാനന്ദന്റെ അനുസ്മരണം ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ലോകമെമ്പാടും നടക്കുന്ന ഈ അവസരത്തിൽ കേരളത്തിനുവേണ്ടി ഒരുപാടു ത്യാഗം ചെയ്ത ഈ മഹാപുരുഷന്റെ പാത പിൻതുടർന്ന് അദ്ദേഹം തുടങ്ങി വച്ച പ്രവർത്തനങ്ങൾ ഊർജ്ജ്വസ്വലതയോടെ മുന്നോട്ട് കൊണ്ടുപോകാൻ നമ്മുക്കൊരുമിച്ചു ശ്രമിക്കാം. അങ്ങിനെ ഈ അനുസ്മരണം ധന്യമാക്കാം.

മഹർഷി ദയാനന്ദനിൽ നിന്നും ആര്യസമാജത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് വൈദിക ധർമ്മ സംരക്ഷണത്തിനും ഭാരതാംബയുടെ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ധർമ്മസമരങ്ങളിൽ പങ്കെടുത്ത് ഈ ഡിസംബർ മാസത്തിൽ രക്തസാക്ഷികളായി തീർന്ന വേറെയും പലരുണ്ട്. ഭായി പരമാനന്ദ് (ഡിസംബർ 8), രാജേന്ദ്രനാഥ് ലാഹിരി (ഡിസംബർ 17), രാം പ്രസാദ് ബിസ്മിൽ, അഷഫാഖുള്ള ഖാൻ, റോഷൻ സിംഗ് (ഡിസംബർ-19), പണ്ഡിറ്റ് ഗോദാലാൽ ദീക്ഷിത് (ഡിസംബർ 20). ഈ മഹാന്മാരെയും നമുക്ക് ഈ അവസരത്തിൽ അനുസ്മരിക്കാം.

**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





ല്ല. സർവ്വശക്തനും സർവ്വജ്ഞനുമായ പരമാത്മാവിനുമാത്രമെ അത് അറിയുകയുള്ളു. അതുകൊണ്ട് നല്ലതെല്ലാം തന്ന നുഗ്രഹിക്കേണമേ എന്ന് അദ്ദേഹത്തോടുതന്നെ പ്രാർത്ഥിക്കുന്നു. എല്ലാ വസ്തുക്കളിലും നല്ലതും ചീത്തയും ഉണ്ടാകാം. നമ്മുടെ ശരീരപോഷണത്തിന് അത്യന്താപേക്ഷിതമാണല്ലോ ഭക്ഷണം. ശരീരം ഏറ്റവും പ്രധാനപ്പെട്ട ധർമ്മസാധനോപാധിയുമാണ്. ''ശരീരമാദ്യം ഖലുധർമ്മസാധനം" എന്ന ആചാര്യവചനം ഓർക്കുക. ശരീരപോഷണത്തിന് ഉചിതമായ, ഉത്തമമായ, ശുദ്ധമായ ഭക്ഷണം വേണം. പക്ഷെ പലപ്പോഴും അതുകിട്ടാതെ വരുന്നു. അപ്പോൾ അനുചിതമായ അശുദ്ധഭക്ഷണം സ്വീകരിക്കുവാൻ നിർബന്ധിതരായിത്തീരുന്നു. അത് ഹാനികരമാണുതാനും. മറ്റു രംഗങ്ങളിലും പലപ്പോഴും ഇതു തന്നെ സംഭവിക്കുന്നു. ഈയിടെ കേരളത്തിലെ ഒരു വനവാസിമേഖലയെക്കുറിച്ച് ചില വാർത്തകൾ വന്നിരുന്നു. അവിടെ പാവപ്പെട്ട വനവാസി സഹോദരങ്ങൾ പോഷകാഹാരം കിട്ടാതെ വിഷമിയ്ക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാക്കപ്പെടുന്നു. നിർബന്ധിച്ചും പ്രലോഭിപ്പിച്ചും വഞ്ചിച്ചും അനാചാരങ്ങളിലേക്കും അധർമ്മത്തിലേക്കും നയിക്കപ്പെടുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ അവർക്ക് ശരിയായ മാർഗ്ഗം, നല്ലമാർഗ്ഗം കാണിച്ചുകൊടുക്കണം. സദാചാരങ്ങളിലേക്കും വേദമാർഗ്ഗത്തിലേക്കും അവർ നയിക്കപ്പെടണം. നല്ല ഭക്ഷണം ലഭിക്കാത്തതു പോലെ നല്ല മാർഗ്ഗം ലഭിക്കാത്തതും പ്രശ്നം തന്നെ. വേദപ്രതിപാദിതമായ ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ മുന്നേറിയവരാണ് നമ്മുടെ പൂർവ്വികന്മാർ. നമ്മുടെ രാഷ്ട്രത്തെ-മാതൃഭൂമിയെ മുന്നോട്ടുനയിച്ചതും ജഗദ്ഗുരുവാക്കി മാറ്റിയതും ആര്യമായ-ശ്രേഷ്ഠമായ വേദമാർഗ്ഗമാണ്. ആ മാർഗ്ഗത്തിലൂടെ മുഴുവൻ ജനങ്ങളെയും ആര്യധർമ്മത്തിലേക്ക് - ശ്രേഷ്ഠ ധർമ്മത്തിലേക്ക് നയിക്കുവാൻ നമുക്ക് സാധിക്കണം. വർണ-വർഗ-ജാതി-മതാദിഭേദങ്ങളൊന്നുമില്ലാതെ മുഴുവൻ ജനങ്ങളെയും സേവിക്കുവാനും, സഹായിക്കുവാനും, സമുദ്ധരിക്കുവാനും നമുക്കു സാധിക്കണം. നിസ്വാർത്ഥസേവനത്തിലൂടെ മുഴുവൻ ലോകത്തെയും ആര്യമാക്കുവാൻ - ശ്രേഷ്ഠമാക്കുവാൻ - ശ്രേഷ്ഠതമമാക്കുവാൻ നമുക്കു സാധിക്കുമാറാകട്ടെ. "കൃണ്വന്തോ വിശ്വമാര്യം" എന്ന വൈദിക ആശയം പ്രയോഗത്തിൽ കൊണ്ടുവരുവാൻ നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം. മഹർഷി ദയാനന്ദ സരസ്വതിയുടെയും സന്യാസി ശ്രേഷ്ഠന്മാരുടെയും ആചാര്യന്മാരുടെയും അനുഗ്രഹമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആര്യോദയം എന്ന അരുണോദയം വിജയപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

(2013 സെപ്തംബർ 14 ന് പാലക്കാട് ജില്ലയിലെ വെള്ളനേഴിയിൽ നടന്ന ആര്യോദയം വേദ പ്രചാരണ സദസ്സിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പ്രശസ്തപണ്ഡിതനും വിദ്യാഭ്യാസവിചക്ഷണനും വിദ്യാഭാരതി ദക്ഷിണക്ഷേത്രം അദ്ധ്യക്ഷനുമായ ഡോ.പി.കെ.മാധവൻ നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്.)

***ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും***

# ആര്യോദയം അരുണോദയം

*ഡോ. പി.കെ. മാധവൻ*

**ക**ലാ - സാഹിത്യ - സാംസ്കാരിക - ധാർമ്മിക - ആദ്ധ്യാത്മിക രംഗങ്ങൾക്കെല്ലാം മഹത്തരങ്ങളായ സംഭാവനകൾ നൽകിയിട്ടുള്ള വെള്ളിനേഴി എന്ന കേരളീയ ഗ്രാമത്തിൽ വളരെ പ്രധാനപ്പെട്ട ഒരു നല്ലകാര്യത്തിന് ആരംഭം കുറിക്കപ്പെടുന്ന ധന്യമായ സന്ദർഭമാണിത്. അതിവിശിഷ്ടവും ഐതിഹാസികവുമായ "ആര്യോദയം" ഉദ്ഘാടനം ചെയ്യുവാനും ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കുവാനുമായി രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടെ വന്നെത്തിയിട്ടുള്ള പൂജനീയ സ്വാമി ആര്യവേശ്ജിക്കും ആചാര്യന്മാർക്കും ആര്യസമാജകുടുംബാംഗങ്ങളായ സഹോദരീസഹോദരന്മാർക്കും, മുഴുവൻ കേരളീയരുടെയും പേരിൽ വീണ്ടും സ്വാഗതം - സുസ്വാഗതം ആശംസിക്കുന്നു. വേദപ്രാർത്ഥനയോടെ, അഗ്നിഹോത്രത്തോടെ, ധ്വജാരോഹണത്തോടെ, ദീപ പ്രജ്ജ്വാലനത്തോടെ ഉദ്ഘാടനം ചെയ്യപ്പെട്ട ആര്യോദയം കേരളത്തിന്റെ സർവ്വതോന്മുഖമായ വികാസത്തിനും ഉത്കർഷത്തിനും കാരണമായ അരുണോദയമായിത്തീരട്ടെ, നവസൂര്യോദയമായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ആര്യോദയം വേദ പ്രകാശം പ്രസരിപ്പിച്ചുകൊണ്ടും ആര്യധർമ്മം പ്രചരിപ്പിച്ചുകൊണ്ടും മുഴുവൻ കേരളത്തിന്റെയും ഉത്കർഷത്തിനുതകുന്ന നല്ല പ്രവർത്തനമായി എല്ലായിടത്തും വ്യാപിക്കട്ടെ എന്നാശംസിക്കുന്നു. മഹനീയമായ ഈ സംരംഭത്തിൽ ഭാഗഭാക്കുകളാകുവാൻ സാധിച്ച നാമെല്ലാം ധന്യരാണ്.




അപൗരുഷേയമായ വേദം പരമപ്രമാണമാക്കിയവരാണ് ഭാരതീയർ. ധാർമ്മിക - ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രമല്ല, ലൗകിക ഭൗതിക കാര്യങ്ങളിലെല്ലാം വേദം പരമപ്രമാണമാക്കിയ ആർഷ പാരമ്പര്യത്തിന്റെ പിൻമുറക്കാരാണ് നാം. ഇവിടെ ആലപിക്കപ്പെട്ട വേദമന്ത്രങ്ങളിൽ സാരഭൂതമായ പ്രാർത്ഥനാപരമായ ഒരു ഭാഗമുണ്ട്. രണ്ട് കാര്യങ്ങളാണ് അതിൽ സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നത്. ഒന്ന്, വിശ്വാനി ദുരിതാനി പരാസുവ എല്ലാ ദുരിതങ്ങളും ദൂരീകരിച്ചുതരേണമേ എന്ന്. രണ്ട്, യത് ഭദ്രം തത് ആസുവ - ഏതാണോ നല്ലത് അത് തന്നനുഗ്രിക്കേണമേ എന്ന് യഥാർത്ഥത്തിൽ ശുഭകരമായത്, ഈ ലോകത്തിലേക്കും പരലോകത്തിലേക്കും ഹിതകരമായത് ഏതാണെന്ന് നമുക്ക് വ്യക്തമായി അറിയുകയി

**ഓം ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)**
**ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ**





(മുൻ ലക്കത്തിന്റെ തുടർച്ച)



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

പാഠം- 6

## ആശ്രമ ധർമ്മം

***ചോദ്യം:** ഗൃഹസ്ഥാശ്രമികളുടെ മുഖ്യകർത്തവ്യങ്ങളെന്തൊക്കെയാണ് ?*

***ഉത്തരം:*** പരസ്പരം സ്നേഹപൂർവ്വം ജീവിക്കുക എന്നതാണ് ഗൃഹസ്ഥാശ്രമികളുടെ മുഖ്യകർത്തവ്യം. കൂട്ടായി നിന്നുകൊണ്ട് ഉത്തമകാര്യങ്ങൾ ചെയ്യുക. ഭർത്താക്കന്മാർ ഏക പത്നീവ്രതവും ഭാര്യമാർ പതിവ്രതാധർമ്മവും പാലിക്കുക. മര്യാദ, നിയമം, സംയമം എന്നിവയോടെ എല്ലാ കർത്തവ്യങ്ങളും പരിപാലിക്കുക. ഭാര്യാഭർത്താക്കന്മാർ ഒരേ ശരീരത്തിന്റെ ഭാഗമെന്ന പോലെ കരുതി സദാ പ്രേമപൂർവ്വം ജീവിക്കണം. ധാർമ്മിക കാര്യങ്ങൾ ചെയ്യുന്നതിന് പരസ്പരം സഹായിക്കുക. കുട്ടികൾക്ക് ഉത്തമ വിദ്യഭ്യാസം നൽകി സദാചാരി, ധർമ്മാത്മാവ്, പരോപാകാരികൾ എന്നിവരാക്കി തീർക്കാൻ യത്നിക്കണം. സ്വാർത്ഥത വെടിഞ്ഞ് ദാനശീലരായി തീരുക.

***ചോദ്യം:** വാനപ്രസ്ഥാശ്രമത്തിലേക്ക് പ്രവേശിക്കാനുള്ള സമയമെപ്പോഴാണ് ? വാനപ്രസ്ഥിയുടെ കർത്തവ്യമെന്താണ് ?*

***ഉത്തരം:*** സാധാരണ ഗതിയിൽ 50 വർഷത്തിനുശേഷം സന്താനങ്ങൾക്ക് സന്താനമുണ്ടായികഴിഞ്ഞാൽ വാനപ്രസ്ഥാശ്രമം സ്വീകരിച്ച് തങ്ങളുടെ മാനസികവും ആത്മീയവുമായ ശക്തിയും ജ്ഞാനവും വർദ്ധിപ്പിച്ച് ഗുരുകുലങ്ങളിലും മറ്റും അധ്യാപനം നടത്തുകയും ഇതര സേവാപ്രവർത്തനങ്ങൾ നടത്തുകയും വേണം. ഈശ്വരഭക്തി, ധ്യാനം, യോഗാസനം, വേദാദിശാസ്ത്രങ്ങളുടെ മനനം എന്നിവയ്ക്കായി തങ്ങളുടെ സമയത്തേ വിനിയോഗിക്കണം. അഹിംസ, സത്യം, ബ്രഹ്മചര്യം, തപസ്സ്, ശാന്തി, ഇന്ദ്രിയനിഗ്രഹം എന്നിവ അനുഷ്ഠിക്കണം. തങ്ങളുടെ ജ്ഞാനവും അനുഭവവും മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തണം.

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതം സമാഃ (യജു. 40 – 2) നിസ്വാർത്ഥമായ**
**ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

***ചോദ്യം:*** *വാനപ്രസ്ഥാശ്രമത്തിന് ഈ കാലഘട്ടത്തിലെന്താണ് പ്രസക്തി? അതിന്റെ പ്രയോജനമെന്താണ് ?*

***ഉത്തരം:*** പണ്ടുകാലത്തേപ്പോലെ 50 വർഷത്തിനുശേഷം വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്നവരുണ്ടായാൽ ഗുരുകുലങ്ങൾ പോലുള്ള ഉത്തമ കേന്ദ്രങ്ങൾ നടത്തി കൊണ്ടുപോവുക എളുപ്പമായിരിക്കും. അനുഭവജ്ഞാനവും കഴിവും ഉള്ള കാര്യകർത്താക്കളുണ്ടായാൽ ഇത്തരം സ്ഥാപനങ്ങൾ നടത്തി കൊണ്ടു പോകാനാവും. വൃദ്ധജനങ്ങൾക്ക് ഇത്തരം കാര്യങ്ങൾ നടത്തുക വഴി ലഭിക്കുന്ന ശാന്തിയും സമാധാനവും പ്രത്യേകിച്ച് വർണ്ണിക്കേണ്ടതില്ലല്ലോ.

***ചോദ്യം:*** സന്യാസം എന്ന പദത്തിന്റെ അർത്ഥമെന്താണ് ? സന്യാസിയുടെ കർത്തവ്യങ്ങൾ എന്തൊക്കെയാണ് ?

***ഉത്തരം:*** എല്ലാ തിന്മകളെയും ഉപേക്ഷിക്കലാണ് സന്യാസം എന്ന പദത്തിനർത്ഥം. സർവ്വവിധ ചീത്ത സ്വഭാവങ്ങളും സ്വാർത്ഥതയും ത്യജിച്ച് ഈശ്വര ധ്യാനവും പരോപകാരവുമായി സദാ കഴിഞ്ഞുകൂടുന്നവനെയാണ് സന്യാസി എന്നു പറയുക. ധനം, സന്താനം, കീർത്തിക്കുവേണ്ടിയുള്ള ആഗ്രഹം എന്നിവക്കുപരിയായി ഉയർന്ന് നിർഭയനായി എല്ലായിടത്തും ധർമ്മപ്രചാരം നടത്തുകയും അന്യായത്തെയും അത്യാചാരങ്ങളെയും ശക്തമായി എതിർക്കുകയും വേണം. എല്ലാ പ്രാണികളോടും സ്നേഹ ദൃഷ്ടിയോടെ പെരുമാറുകയും അധർമ്മം പ്രവർത്തിക്കുന്നത് ചക്രവർത്തി ആയാൽ പോലും അദ്ദേഹത്തെ വിമർശിക്കാൻ ധൈര്യപ്പെടണം. ഇത്തരത്തിലുള്ള സന്യാസിമാരുടെ എണ്ണം കൂടുന്നതിനനുസരിച്ച് ലോകത്തിന്റെ പുരോഗമനവും ജാഗരണവും നടക്കും.

***(തുടരും)***

## സത്യപ്രകാശം വൈദിക ശിൽപ്പശാല ജനുവരി 26 ന്

വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ജനവരി 26 ന് ഒറ്റപ്പാലത്ത് വെച്ച് 'സത്യപ്രകാശം' എന്ന വൈദിക ശിൽപ്പശാല സംഘടിപ്പിക്കുന്നു. ജിജ്ഞാസുക്കളും സത്യാന്വേഷികളുമായ യുവതീ യുവാക്കൾക്ക് വേണ്ടി നടത്തുന്ന ഈ ശിൽപ്പശാല ജനവരി 26 ന് കാലത്ത് 8 മുതൽ വൈകീട്ട് 4 വരെ ഉണ്ടായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഡിസംബർ 31 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമെ പ്രവേശനം ലഭിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:9562529095.

ആര്യസമാജം, വെള്ളിനേഴി

***മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ***
***(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്***
***ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം***





കേട്ട് മറ്റുള്ളവർ ഓടി വന്ന് അച്ഛനേ പിടിച്ചു മാറ്റിയില്ലായിരുന്നുവെങ്കിൽ എനിക്കിന്ന് അമ്മ കൂടി........."

ഞാൻ പൊട്ടികരഞ്ഞുപോയി. ശരിക്കും ഹൃദയത്തിൽ തട്ടി ഉയർന്ന കരിച്ചിലായിരുന്നു അത്. സ്നേഹസ്വരൂപിയായ അമ്മയേ - മാധുര്യം ചുരത്തിതന്ന്, മലമൂത്രാദി മാലിന്യങ്ങൾ പൂവണി മെത്തയാക്കി, കർഷകൻ വിളയേ സുശ്രൂഷിക്കുന്നതുപോലെ, ഉറക്കം കളഞ്ഞു വളർത്തിയ അമ്മയേ അച്ഛൻ......! ഞാൻ ഭയാക്രാന്തനായി അടിമുടി വിറച്ചു. കാലിന്നടിയിൽ നിന്ന് ഭൂമി ഹാമാലയത്തിലെ അതിവിസ്തൃത മഞ്ഞു പാറ കീഴ്പോട്ട് നിരങ്ങുന്നതുപോലെ നിരങ്ങുന്നതായി തോന്നി. അന്നാണെനിക്ക് ശരിക്കും ഭൂമി തിരിയുന്നതാണെന്ന് അനുഭവപ്പെട്ടത്.

അന്നു ഞാൻ അച്ഛന്റെ ഈ കർശ്ശനവും കഠോരവുമായ നിയന്ത്രണത്തിൽ നിന്ന് രക്ഷപ്പെട്ട് സ്വേച്ഛാചാരിയായി ആകാശത്തിൽ ചിറകടിച്ചു പാറിപ്പറക്കാനാഗ്രഹിച്ചു. എന്റെ ഈ മനസ്സിനെ മുരടിപ്പിക്കുന്ന ആവരിഞ്ഞുകെട്ടിയ നിയന്ത്രണം - മുരടിപ്പ് -അച്ഛന്റെ മരണത്തേ സ്വാഗതം ചെയ്യാൻ എന്നിൽ വെമ്പലുണ്ടാക്കി. സർവ്വവ്യാപിയായ പരമേശ്വരസമാനം എവിടെനോക്കിയാലും വെറുപ്പേ കാണാൻ കഴിഞ്ഞിരുന്നുള്ളു. എട്ടുവയസ്സിനോടടുത്തതോടെ ആ കരുത്തുറ്റ ചങ്ങല പൊട്ടി. ഞാൻ സർവതന്ത്ര സ്വതന്ത്രനായി മാറി. അച്ഛനുള്ളപ്പോൾ ബാലസഹജമായ കളി എന്തെന്നറിയാത്ത ഞാൻ രാത്രിപോലും വീടണയാതെ കളിച്ചു നടന്നു. എന്തോ പൂർവ്വപുണ്യം നിമിത്തം കുടി, പിടി, ചോരണാദി ദുർവ്യവഹാരങ്ങളിലേക്കല്ലാ മനം പോയതെന്നൊരാശ്വസമേ ധനമായെനിക്കുള്ളൂ. ഇന്ന് ഞാൻ പശ്ചാത്താപച്ചൂളയിൽ നീറിപ്പുകയുകയാണ്. അച്ഛന്റെ അഭാവമാണ് എന്നെ ഇത്തരത്തിലാക്കിയത്. കഠോരമായിരുന്നെങ്കിലും ആ ചങ്ങല പടിപടിയായെന്നെ ഔന്നത്യത്തിലേക്ക് കോണിപ്പടിയെന്നോണം കയറ്റുമായിരുന്നു. പക്ഷെ യജമാനത്വഭാവപ്രയോഗികതായാണതിൽ വെറുപ്പുതോന്നാൻ കാരണമെന്ന് എനിക്കിപ്പോൾ തോന്നുന്നു. അന്നെനിക്കത് മനസ്സിലാക്കാനുള്ള വിവേകം ഉണ്ടായിരുന്നില്ല.

***(തുടരും)***

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

(മുൻലക്കത്തിന്റെ തുടർച്ച)

## ജീവിതം ഒരല്പയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി



**ത**റവാട്ടിൽ മടങ്ങിയെത്തി. എന്നെ അച്ഛന്റെ കോടതി മുമ്പാകെ ഹാജരാക്കി. പിന്നത്തേ കഥ പറയേണ്ട. പച്ചചോര പൊടിഞ്ഞിട്ടും നിർത്താനല്ല ഭാവം. കോലു നുറുങ്ങി കഷ്ണം കഷ്ണമായപ്പോൾ പുറത്തൊരു ചവിട്ടും മാലപ്പടക്കത്തിന്റെ സമാപനത്തിലെ അമിട്ടുപോലെ മേമ്പൊടിയായി കിട്ടി. ആ സംഭവം മറക്കാനാവില്ല! സാക്ഷാൽ രുദ്രനേയാണന്നു ഞാൻ കണ്ടത്.

“ഇതിനെ കൊല്ലൂലോ!” ഈശ്വരാ.... പത്തുമാസം വയറ്റിലിട്ട് നൊന്തുപെറ്റത് ഞാനല്ലേ? അസഹനീമായ വേദന പൊട്ടിയൊലിച്ച് അവിടുന്നെന്നെ അമ്മ എടുത്തു മാറ്റിയില്ലായിരുന്നെങ്കിൽ....അസ്തുവായേനേ.

“കുട്ട്യോളെ കേടുവരുത്തുന്ന വർഗ്ഗങ്ങള്. ഒന്നേയുള്ളൂവെങ്കിൽ ഉലയ്ക്ക കൊണ്ടാണ് കൊടുക്കേണ്ടത്. നേരെയാവണമെന്നുണ്ടെങ്കിൽ” അച്ഛൻ ആക്രോശിച്ചു.

“പെറ്റവയറല്ലേ വേദനയറിയൂ” അമ്മ എന്നെ പിന്നിലാക്കി നേരിട്ടു.

“അഹ്, എതിർക്കാൻ വര്വാ? അവിടെകിടന്നിരുന്ന ഒരു ചൂളം കോണിക്കഴിയെടുത്തു അടിക്കാനോങ്ങികൊണ്ട് ഇപ്പോൾ കഥ തീർക്കുമെന്ന മട്ടിൽ അമ്മയുടെ നേരെ അച്ഛൻ അലറിച്ചാടി.”

“അമ്മ വിട്ടില്ല. കോണിക്കഴി കടന്നു പിടിച്ചു. രണ്ടുപേരും കൂടി പിടിയും വലിയുമായി മുന്നോട്ടാഞ്ഞ് താണു പൊങ്ങി ഇടവും വലവും തിരിഞ്ഞ് പിന്നോട്ട് വാങ്ങി. ചുവടുമാറ്റി കെട്ടിപ്പിണഞ്ഞ് ഇടിയും അടിയും കുത്തും ചവിട്ടും തടവും തുടങ്ങി. അപ്പോളേക്കും ബഹളം

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





**(മുൻ ലക്കത്തിന്റെ തുടർച്ച)**




## അദ്ധ്യായം 3

# അസ്യവാമീയ സൂക്തം

*(ഋഗ്വേദം 1-164)*

18. എല്ലാറ്റിനെയും പരിപാലനം ചെയ്തു രക്ഷിക്കുന്ന ഈശ്വരൻ വിദ്യുത് ശക്തിരൂപ അഗ്നി, ഭൗതികാഗ്നി, സൂര്യരൂപ അഗ്നി എന്നിങ്ങനെ എല്ലാവിധമായ അഗ്നിക്കും കാര്യകാരണ രൂപമായിരിക്കുന്നു. ഇതിനെ ജ്ഞാനികൾ തങ്ങളുടെ ദിവ്യന്തഃകരണങ്ങൾ മൂലം അറിഞ്ഞ് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കണം.

**ഒന്നിനെയൊന്ന് ആശ്രയിച്ച് എല്ലാം ഈശ്വരനിൽ**

19. ഈ ലോകത്തിൽ എല്ലാം ഒന്നിനെയൊന്നാശ്രയിച്ച് വർത്തിക്കുന്നു. മേലെയും താഴെയും ഇപ്പുറവും അപ്പുറവും സ്ഥൂലവും സൂക്ഷ്മവും ചെറുതും വലുതുമായി എല്ലാം അവരവരുടെ സ്ഥിതികളിൽ കാര്യങ്ങളാൽ അനുസരിച്ച് ചെല്ലുന്നു. യാതൊന്നും ഒന്നിനെയൊന്ന് ചേർന്നിരിക്കാതെ, ആധാരമില്ലാതെ നിൽക്കുന്നില്ല. ഇവയെല്ലാം സൃഷ്ടിച്ചത് ഈശ്വരൻ തന്നെ.

**പ്രകൃതി-ജീവാത്മാ-പരമാത്മാ രൂപമാണീലോകം**

20. *ഓം ദ്വാ സുപർണ്ണാ സയുജാ സഖായ സമാനം വൃക്ഷം പരിഷസ്വജാതെ |*
*തയോരന്യഃപിപ്പലം സ്വാദ്വനശ്നനന്യോ അഭിചാകശീതി ||*

ഒരു വൃക്ഷത്തിൽ അഴകുള്ള ചിറകുകളോടുകൂടിയ സഖാക്കളായ രണ്ടു പക്ഷികൾ ഇരിക്കുന്നു. അവയിൽ ഒന്ന് ആ മരത്തിലെ പഴം ഭക്ഷിക്കുന്നു. മറ്റേ പക്ഷി പഴം ഭക്ഷിക്കാതെ എല്ലാം നോക്കി കൊണ്ടിരിക്കുന്നു.

പരമാത്മാ-ജീവത്മാ-പ്രകൃതി എന്നീ മൂന്ന് തത്ത്വങ്ങളുടെ പരസ്പര ബന്ധത്തേ വിശദീകരിക്കുന്നതാണ് ഈ മന്ത്രം. ഈ മൂന്നും അനാദി, നിത്യം (ജീവാത്മാവും പരമാത്മാവും എന്നും ഒന്നിച്ച് ഇണചേർന്ന് നിൽക്കുന്നു - ഈ പ്രകൃതിയാകുന്ന വൃക്ഷത്തിൽ.) ഈ പ്രകൃതിയും പരമാത്മാവിൽ അടങ്ങിയി

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ്(യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***


രിക്കുന്നു. ജീവൻ അൽപജ്ഞൻ, പരമാത്മാ സർവ്വജ്ഞൻ. ജീവാത്മാ ഒരളവു വരെ ചേതനാ സ്വരൂപം. പരമാത്മാവ് പൂർണ്ണ ചൈതന്യ വിജ്ഞാനമയം. ജീവാത്മാവ് പരമാത്മാവാൽ വ്യാപിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയോടൊപ്പം പരമാത്മാവ് എല്ലായിടുത്തും വ്യാപിച്ചിരിക്കുന്നു. ഈ കാണുന്ന പ്രകൃതി എന്ന ജഗത്ത് പരമാണുരൂപ കാരണ വസ്തുക്കളാൽ നിറഞ്ഞിരിക്കുന്നു. ഇവ മൂന്നും അനാദി-നിത്യം തന്നെ. എല്ലാ ജീവാത്മാക്കളും പാപ-പുണ്യകാരണങ്ങൾക്കനുസരിച്ച് ഫലം അനുഭവിക്കുന്നു. ഏകനായ പരബ്രഹ്മം, പരമാത്മാവ് എല്ലാറ്റിലും വ്യാപിച്ചിരിക്കുന്നു. ന്യായം നടപ്പാക്കുന്ന നീതിപതിയാകുന്നു. ജീവാത്മാക്കൾക്ക് അവരവരുടെ കർമ്മമനുസരിച്ച് ഫലം നൽകുന്നു.

*(തുടുരം)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
*തർജ്ജമ: സൂരി*



**മഹാ**സൂര്യനാണ് (Nebula) ഈ ഭൗതിക ജഗത്തിന്റെ കാരണം. ഇതിന്റെ വിസ്ഫോടനത്താൽ അനേകം സൂര്യന്മാർ എല്ലാ ദിശകളിലേക്കും വ്യാപിക്കുന്നു. ഈ വിസ്ഫോടനം മൂലമുണ്ടാകുന്ന ധ്വനി സദാ ബ്രഹ്മാണ്ഡത്തിൽ പ്രതിധ്വനിക്കുന്നുണ്ട്. ഈ ഓങ്കാരധ്വനിയേയാണ് ആകാശവാണി അൻഹദനാദമെന്നൊക്കെ പറയുന്നത്.

“പ്രതിമാനമ്....... തിസ്രോ ഭൂമിഃ നൃപതേ” (ഋഗ്വേദം 1-102-8). ആകാശത്തിൽ മൂന്ന് പ്രകാരത്തിലുള്ള വിഭാഗങ്ങളുണ്ട്. ആദ്യത്തേത് സൂര്യനേപോലെ സ്വയം പ്രകാശിക്കുന്നതാണ്. ഇവയേ നക്ഷത്രങ്ങൾ എന്നു വിളിക്കുന്നു. ഇവയ്ക്ക് സ്വയം ഒരു മണ്ഡലമുണ്ട്. സൂര്യന്റെ മണ്ഡലം ‘സൗരമണ്ഡലം’ എന്നറിയപ്പെടുന്നു. രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടവ ഏതെങ്കിലും നക്ഷത്രങ്ങളെ ചുറ്റി സഞ്ചരിക്കുന്നവയും സ്വയം പ്രകാശിക്കാൻ കഴിവില്ലാത്തവ

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





യുമാണ്. ഇവയാണ് ഗ്രഹങ്ങൾ. അതായത് സൗരമണ്ഡലത്തിൽ ഭൂമി, ചൊവ്വ, ബുധൻ എന്നിവ. മൂന്നാമത്തെ വിഭാഗത്തിൽപെട്ടവ ഗ്രഹങ്ങൾക്കു ചുറ്റും ദീർഘാകാര (Elliptic) മാർഗ്ഗത്തിൽ ഭ്രമണം ചെയ്യുന്നു. ഇവയാണ് ഉപഗ്രഹങ്ങൾ. ഇതിനുദാഹരണമാണ് ചന്ദ്രൻ.

എല്ലാ സൂര്യന്മാർക്കു ചുറ്റും ഭൂമി പോലുള്ള അനേകം ഗ്രഹങ്ങളും ഗ്രഹങ്ങൾക്ക് ഉപഗ്രഹങ്ങളുമുണ്ട്. ഇവയെല്ലാം സ്വന്തം ഭ്രമണപഥത്തിൽ സ്വയം സഞ്ചരിക്കുകയും അതോടൊപ്പം തന്റെ കാരണത്തേ (ഉപഗ്രഹം ഗ്രഹത്തേയും ഗ്രഹം സൂര്യനേയും) ചുറ്റി സഞ്ചരിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഈ ബ്രഹ്മാണ്ഡത്തിൽ എല്ലാം ചലിച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ ഗതി പ്രദാനം ചെയ്യുന്നതാകട്ടെ പരമപിതാവായ പരമാത്മാവും. അചഞ്ചലമായ പ്രകൃതിനിയമങ്ങളെ മാറ്റി മറിക്കാൻ ആർക്കും സാധ്യമല്ല. അതിനെ ‘ഋതം’ എന്നും പറയും.

സൃഷ്ടിയിലെ എല്ലാ വസ്തുക്കളും പരിവർത്തനവിധേയമാണ്. അതുകൊണ്ടുതന്നെ യാതൊന്നാണോ നിർമ്മിക്കപ്പെടുന്നത് അതിന് നാശവുമുണ്ടായിരിക്കും. അതായത് കാര്യം കാരണത്തിൽ ലയിക്കപ്പെടുന്നു. ഒരു വസ്തുവിന്റെ യഥാർത്ഥ സ്വരൂപത്തിൽ മാറ്റം സംഭവിക്കുന്നു.

സൃഷ്ടിക്കുശേഷം പ്രളയം, പ്രളയത്തിനു ശേഷം വീണ്ടും സൃഷ്ടി. ഇപ്രകാരം പരമാത്മാവിന്റെ പ്രേരണയാൽ ഈ ചക്രം അനാദികാലം മുതൽ ചലിച്ചു കൊണ്ടിരിക്കുന്നു. ഇനിയും അങ്ങിനെ തന്നെ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. സൃഷ്ടിക്കുന്നതും നിലനിർത്തുന്നതും സംഹരിക്കുന്നതും ഈശ്വരൻ തന്നെ (അഥർവ്വം 10.8.11).

*(തുടരും)*

## സന്യാസ ദീക്ഷ

വാനപ്രസ്ഥി രാജു പുഞ്ഞാർ സന്യാസ ദീക്ഷ സ്വീകരിച്ച് സ്വാമി ദർശനാനന്ദ സരസ്വതി എന്ന പേര് സ്വീകരിച്ചു. ഋഷിമേളയോടനുബന്ധിച്ച് ഏപ്രിൽ 7ന് അജ്മീറിലെ മഹർഷി ദയാനന്ദ് ആർഷ ഗുരുകുലത്തിൽ വെച്ചാണ് അദ്ദേഹം സന്യാസാശ്രമം സ്വീകരിച്ചത്.

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***